(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പകർച്ചവ്യാധികൾ കണ്ടുപിടിക്കുന്നതിന് ഡയഗ്നോസ്റ്റിക് സെന്ററുകൾ ആരംഭിക്കുവാൻ നടപടി

*3[511] ശ്രീ. പീരപ്പൻകോട് മുരളി:

" കെ. രാധാകൃഷ്ണൻ:

" വി. ചെന്താമരാക്ഷൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പകർച്ച വ്യാധികളെ പ്രതിരോധിക്കാൻ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പകർച്ചവ്യാധികളെ പ്രതിരോധിക്കാൻ ജില്ലാ ആസ്ഥാനങ്ങളിലും ഗ്രാമ പ്രദേശങ്ങളിലും സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) പകർച്ചവ്യാധികളെ പ്രതിരോധിക്കാനുള്ള ജില്ലാതല സെല്ലുകളുടെയും സംസ്ഥാനതല സെല്ലിന്റെയും പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) പകർച്ചവ്യാധികൾ കണ്ടുപിടിക്കുന്നതിന് കൂടുതൽ ഡയഗ്നോസ്റ്റിക് സെന്ററുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പ്രത്യേകിച്ച് ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടില്ല. എന്നാൽ പകർച്ചവ്യാധി നിയന്ത്രിക്കുന്നതിലേക്കുള്ള പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും സന്നദ്ധസംഘടനകളേയും ഏകോപിപ്പിച്ചുകൊണ്ട് ഊർജ്ജിതമായി സംസ്ഥാനത്തുടനീളം നടന്നുവരുന്നു.

(ബി) ഉണ്ട്. സംസ്ഥാനതലത്തിൽ മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു കമ്മിറ്റി നിലവിൽ ഉണ്ട്. ആ കമ്മിറ്റിയിൽ ആരോഗ്യവകുപ്പുമന്ത്രി, കൃഷിമന്ത്രി, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി, ഗ്രാമവികസന മന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി, പട്ടികജാതി വികസനമന്ത്രി, ജലവിഭവ വകുപ്പുമന്ത്രി എന്നിവരെക്കൂടാതെ ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥൻമാരും ഉണ്ട്. അതു കൂടാതെ ആരോഗ്യവകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു വർക്കിംഗ് ഗ്രൂപ്പും നിലവിൽ ഉണ്ട്. ജില്ലാ തലത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായി കമ്മിറ്റി നിലവിൽ ഉണ്ട്. അതിനു പുറമേ താലൂക്ക് തലത്തിലും പഞ്ചായത്ത് തലത്തിലും ഇതിനായി കമ്മിറ്റികൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മേൽപറഞ്ഞ വിവിധ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ വിലയിരുത്താറുണ്ട്.

(ഡി) ഇന്റഗ്രേറ്റഡ് ഡിസീസ് സർവയലൻസ് പ്രോഗ്രാമിന്റെ ഭാഗമായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വരെയുള്ള ആശുപത്രികളിലെ ഡയഗ്നോസ്റ്റിക് ലാബുകൾ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നു. തുടർന്ന് ദിവസേന എന്നോണം പകർച്ചവ്യാധികളുടെ മോണിറ്ററിംഗ് നടത്തുന്നതിനായി ബന്ധപ്പെട്ട എല്ലാ ആശുപത്രികളും കമ്പ്യൂട്ടറൈസ് ചെയ്യാനും ഉദ്ദേശിക്കുന്നു.

പൗരാവകാശ പത്രികയുടെ പകർപ്പ് എല്ലാ വീടുകളിലും നൽകാൻ നടപടി

*4 [512] പ്രൊഫസർ കെ. വി. തോമസ്:

ശ്രീ. വി. ഡി. സതീശൻ:

ശ്രീമതി രാധാരാഘവൻ:

„ ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൗരാവകാശ പത്രികയുടെ പ്രഖ്യാപനം നടന്നിട്ടുണ്ട്;

(ബി) പൗരാവകാശ പത്രികയുടെ പകർപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തിക്കുള്ളിലുള്ള എല്ലാ വീടുകളിലും നൽകാറുണ്ടോ;

(സി) ഇല്ലെങ്കിൽ അപ്രകാരം ചെയ്യുവാൻ നടപടിയെടുക്കുമോ;

(ഡി) പൗരാവകാശ പത്രികയിലെ പ്രധാനപ്പെട്ട കാര്യങ്ങൾ പ്രധാനകേന്ദ്രങ്ങളിൽ നോട്ടീസ് ബോർഡുകൾ സ്ഥാപിച്ച് പ്രസിദ്ധീകരിക്കണമെന്ന നിർദ്ദേശം നൽകുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) സംസ്ഥാനത്തെ 988 ഗ്രാമപഞ്ചായത്തുകൾ പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ശേഷിക്കുന്ന പുളിമാത്ത്, എരുമേലി, വട്ടവട എന്നീ പഞ്ചായത്തുകളിൽ ഉടനെ പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 45 നഗരസഭകളിലും പൗരാവകാശ രേഖയുടെ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. മറ്റു 13 നഗരസഭകളിൽ ഇത് പ്രാബല്യത്തിൽ വരുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി ആന്റ് സി) പൗരാവകാശ രേഖയുടെ പകർപ്പ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തിക്കുള്ളിലുള്ള എല്ലാ വീടുകളിലും നൽകാറില്ല. എന്നാൽ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly